നടപ്പിലാക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ടി. അദ്ധ്യയനവർഷം 14 എഎയിലെ വ്യവസ്ഥകൾ നിറുത്തിവച്ചു കൊണ്ടുള്ള സർക്കാർ തീരുമാനം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

(സി)&(ഡി) ജീവനക്കാരുടെ ശമ്പളം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു.

(ഇ) ശമ്പളം നിശ്ചയിച്ചു കൊണ്ടുള്ള ഉത്തരവിന് 30-9-1999 മുതൽ പ്രാബല്യമുണ്ട്. വിദ്യാഭ്യാസ നിയമത്തിന് അദ്ധ്യായം 14 എഎ യ്ക്ക് നിലവിലിരുന്ന സ്റ്റേ ഉത്തരവ് ഹൈക്കോടതി തന്നെ 1999-2000 വർഷം മുതൽ റദ്ദാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

42 (457) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സ്റ്റേ ഒഴിവാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഹയർ സെക്കണ്ടറി മേഖലയിൽ പാർട്ട് ടൈം സ്കെയിലിൽ കഴിഞ്ഞ അദ്ധ്യയന വർഷം ജോലി ചെയ്തിരുന്നവരും ഈ വർഷം ഫുൾടൈം ശമ്പള സ്കെയിലിന് യോഗ്യത നേടിയിട്ടുള്ളവരുമായ അദ്ധ്യാപകർക്ക് ഈ വർഷം മുതൽ അർഹപ്പെട്ട ഫുൾടൈം ശമ്പള സ്കെയിലിലുള്ള ശമ്പളം മുൻകാല പ്രാബല്യത്തോടെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തെ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഹയർ സെക്കണ്ടറി വകുപ്പിന് സ്പെഷ്യൽ റൂൾസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി ഏതുഘട്ടംവരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) സ്പെഷ്യൽ റൂളിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഫുൾടൈം ശമ്പള സ്കെയിലിന് യോഗ്യത നേടിയിട്ടുള്ള അദ്ധ്യാപകർക്ക് അവർ ഫുൾടൈം ആയ തീയതി മുതൽ ഫുൾടൈം ശമ്പള സ്കെയിലിലുള്ള ശമ്പളം നൽകുന്നതാണ്. മുൻകാല പ്രാബല്യം നൽകുന്നതു സംബന്ധിച്ച് തീരുമാനമൊന്നുമായിട്ടില്ല.

(ഡി) ഉദ്ദേശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നടപടികൾ നടന്നു വരുന്നു. നക്കൽ തയ്യാറായിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ റൂൾസ് പൂർത്തിയാകുമ്പോൾ കോപ്പി മേശപ്പുറത്തു വയ്ക്കുന്നതാണ്.

43 (459) പഞ്ചായത്ത് സ്കൂളുകൾ

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതലപഞ്ചായത്തുകളുടെ മാനേജ്മെന്റിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ ലോവർ പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്ക്കൂളുകൾ എന്നിവ എത്ര വീതമുണ്ടെന്നും ഇവ ഓരോന്നും ഓരോ ജില്ലയിലും എത്രയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ സ്കൂളുകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ സ്കൂളുകളിലെ നിയമനരീതി വ്യക്തമാക്കുമോ;

(ഡി) ഈ സ്കൂളുകളിൽ സർവീസിലിരുന്നു മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നിയമനരീതി എന്താണെന്നും നിയമനം നടത്തുന്നതിന് അധികാരപ്പെട്ടവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 146 (നൂറ്റി നാൽപ്പത്തിയാറ്)

(ബി)

	എൽ.പി.	യു.പി.	എച്ച്.എസ്.
തിരുവനന്തപുരം	7	8	1
കൊല്ലം	13	4	5
പത്തനംതിട്ട	-	-	2
ആലപ്പുഴ	16	5	7
കോട്ടയം	5	-	-
ഇടുക്കി	11	3	3
എറണാകുളം	6	3	-
തൃശ്ശൂർ	5	1	2
പാലക്കാട്	4	1	2
മലപ്പുറം	2	2	-
കോഴിക്കോട്	1	1	1
വയനാട്	5	1	-
കണ്ണൂർ	2	-	4
കാസർഗോഡ്	10	3	-
ആകെ	**87**	**32**	**27**

LIBRARY ARCHIVES Kerala Legislative Assembly